**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ദിവ്യ ഗോപകുമാർ, ഓഫീസ് അറ്റൻഡന്റ്, കുടുംബാരോഗ്യകേന്ദ്രം, ഉദയംപേരൂർ, എറണാകുളം - പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.810/2026/H&FWD    തീയതി, തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.3085/2024/ആ.കു.വ തീയതി 19.12.2024.
2. ശ്രീമതി. ദിവ്യ ഗോപകുമാർ സമർപ്പിച്ച 19.05.2025 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.07.2025 തീയതിയിലെ ഇ.എഫ്.1-9873/2023/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ഉദയംപേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ദിവ്യ ഗോപകുമാർ-ന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പഠിക്കുന്നതിന് 23.03.2023 മുതൽ 31.05.2025 വരെ ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടിയാൾ 2025 ഫെബ്രുവരിയിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ആ സമയം ജില്ലയിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് വന്ന മുറയ്ക്ക് തിരുവാണിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകുകയും 01.03.2025 ൽ സേവനത്തിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ശൂന്യവേതനാവധിയിലെ വിനിയോഗിക്കാതിരുന്ന കാലയളവ് (01.03.2025 മുതൽ 31.05.2025 വരെ) റദ്ദ് ചെയ്യണമെന്ന ശ്രീമതി. ദിവ്യ ഗോപകുമാർ-ന്റെ പരാമർശം (2) അപേക്ഷ പരാമർശം (3) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ദിവ്യ ഗോപകുമാർ-ന് പരാമർശം (1) പ്രകാരം 23.03.2023 മുതൽ 31.05.2025 വരെ, കെ.എസ്.ആർ, ഭാഗം 1, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി അനുവദിച്ചു നൽകിയ ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത 01.03.2025 മുതൽ 31.05.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം.
ശ്രീമതി. ദിവ്യ ഗോപകുമാർ, ഓഫീസ് അറ്റൻഡന്റ്, കുടുംബാരോഗ്യ കേന്ദ്രം, ഉദയംപേരൂർ, എറണാകുളം.

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ഉദയംപേരൂർ, എറണാകുളം.

ധനകാര്യ വകുപ്പ് (20.02.2026 തീയതിയിലെ E 2978311/HLT-B3/570/2024-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്(F2/158/2025-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 27-02-2026 17:41:21